# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 21 — 26.09.2011 –ൽ മറുപടിക്ക്

### എൻഡോസൾഫാൻ ഇരയായവർക്കുള്ള സാമ്പത്തിക സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.അജിത്<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ഇ.എസ്.ബിജിമോൾ | | ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി | |
| (എ) | എൻഡോസൾഫാൻ ഇരയായവർക്കുള്ള സാമ്പത്തിക സഹായം ഉടൻ വിതരണം ചെയ്യണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര കാലത്തിനുള്ളിൽ വിതരണം ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) | ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ എത്രകാലത്തിനുള്ളിൽ വിതരണം ചെയ്യണം എന്ന് ആവശ്യപ്പെട്ടതായി കാണുന്നില്ല. |
| (ബി) | കമ്മീഷൻ, മരിച്ചവർക്കും, മൃതപ്രായരായി കഴിയുന്നവർക്കും, വൈകല്യം ബാധിച്ചവർക്കും എത്രതുക വീതം നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | മരിച്ചവരുടെ ഉറ്റ ബന്ധുക്കൾക്ക് – 5 ലക്ഷം രൂപ വീതവും<br>കിടപ്പിലായവർ/പരാശ്രയമില്ലാതെ ശരീരം ചലിപ്പിക്കാൻ കഴിയാത്തവർ/ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് 5 ലക്ഷം രൂപ വീതവും<br>മറ്റു വൈകല്യങ്ങൾ ഉള്ളവർക്ക് 3 ലക്ഷം രൂപ വീതവും<br>നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സഹായത്തിനർഹരായവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | വിദഗ്ധ ഡോക്ടർമാർ അടങ്ങുന്ന ഒരു സംഘം രോഗികളെ പരിശോധിച്ച് രോഗത്തിന്റെ തീവ്രതയനുസരിച്ച് രോഗികളെ തരംതിരിക്കണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതം അനുഭവിക്കുന്ന പാലക്കാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഒരു ആരോഗ്യ സർവ്വെ നടത്തണമെന്നും കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ